മൂന്നാം പഞ്ചവൽസര പദ്ധതിയിൽ തുടങ്ങിയതും പണി തീർന്നിട്ടില്ലാത്തതുമായ ജലസേചന പദ്ധതികൾ

1175. [1779] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവൽസര പദ്ധതി മുതൽ ഇന്നുവരെയുള്ള പഞ്ചവൽസര പദ്ധതികളിൽ ഓരോ പദ്ധതിയിൽ തുടങ്ങിയതും 30-9-1986 വരെ പൂർത്തീകരിക്കാത്തതുമായ ജലസേചന പദ്ധതികളുടെ പേരും അവയെല്ലാം പദ്ധതികളിൽ ആരംഭിച്ചതാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നും എന്നത്തേക്കു കമ്മീഷൻ ചെയ്യാൻ കഴിയും ;

(സി) ഓരോ പദ്ധതികളും ആരംഭിച്ചപ്പോൾ പ്രതീക്ഷിച്ച സംഖ്യ എത്രയായിരുന്നു ;

(ഡി) ഓരോന്നും പൂർത്തിയാകുമ്പോൾ വരുന്ന സംഖ്യ എത്ര വീതമാണെന്നു വെളിപ്പെടുത്താമോ ;

(ഇ) സമയത്ത് പദ്ധതികൾ കമ്മീഷൻ ചെയ്യാൻ വന്ന കാലതാമസത്തിന് കാരണങ്ങൾ എന്തെല്ലാമായിരുന്നു.

ഉത്തരം

(എ) മൂന്നാം പഞ്ചവൽസര പദ്ധതിയിൽ (1961-65) കല്ലട, പമ്പ, കുറ്റ്യാടി, പഴശ്ശി, കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ, പെരിയാർവാലി എന്നിവയും നാലാം പഞ്ചവൽസര പദ്ധതിയിൽ (1974-78) മൂവാറ്റുപുഴ, ചിമ്മിനി, കാരാപ്പുഴ, അട്ടപ്പാടിയും രണ്ടു വാർഷിക പദ്ധതി (1978-80) അനുസരിച്ച് ബാണാസുരസാഗർ, കാക്കടവ്, ഇടമലയാർ, കുരിയാർകുട്ടി, കാരപ്പാറ, ചാലിയാർ (ബേപ്പൂർ പുഴ) മീനച്ചിൽ, വാമനപുരവും ആറാം പദ്ധതിയിൽ (1981-85) ചാമ്രവട്ടം പദ്ധതികളുമാണ് 30-9-1986 വരെ പൂർത്തീകരിക്കാത്തതായിട്ടുള്ളത്.

(ബി) ഈ പദ്ധതികളുടെ പണി താഴെ പറയുന്ന കാലയളവിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

1.	കല്ലട	1988-89
2.	പമ്പാ	1986-87
3.	മൂവാറ്റുപുഴ	1989-90
4.	പെരിയാർവാലി	1988-89
5.	ചിമ്മിനി	1989-90
6.	ചിറ്റൂർപുഴ	1986-87 (മീനാക്ഷിപുരം ലിഫ്റ്റ്ഇറിഗേഷൻഒഴികെ)
7.	കാഞ്ഞിരപ്പുഴ	1988-89
8.	കുറ്റ്യാടി	1986-87
9.	പഴശ്ശി	1988-89
10.	ഇടമലയാർ	എട്ടാം പഞ്ചവൽസര പദ്ധതി
11.	കുരിയാർകുട്ടി-കാരപ്പാറ	,,
12.	ചാലിയാർ	,,
13.	കാക്കടവ്	,,
14.	വാമനപുരം	,,
15.	മീനച്ചിൽ	,,

LIBRARY ARCHIVES Kerala Legislative Assembly

16.	ബാണാസുരസാഗർ	എട്ടാം പഞ്ചവൽസര പദ്ധതി
17.	അട്ടപ്പാടി	,,
18.	കാരാപ്പുഴ	1989–90
19.	ചാത്രവട്ടം	എട്ടാം പഞ്ചവൽസര പദ്ധതി

(സി, ഡി) ഓരോ പദ്ധതിയും ആരംഭിച്ചപ്പോഴും പ്രതീക്ഷിച്ചിരുന്ന അടങ്കൽ തുകയും ഇപ്പോഴത്തെ അടങ്കൽ തുകയും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	അസ്സൽ അടങ്കൽ തുക (ലക്ഷം) രൂപ	ഇപ്പോഴത്തെ അടങ്കൽ തുക (ലക്ഷം) രൂപ
1	കല്ലട	1328	22,000
2	പമ്പാ	383	5,200
3	മൂവാറ്റുപുഴ	2086	5,834
4	പെരിയാർവാലി	348	5,749
5	ചിമ്മിനി	633	2,812
6	ചിറ്റൂർപുഴ	106	1,786
7	കാഞ്ഞിരപ്പുഴ	365	4,456
8	കുറ്റ്യാടി	496	5,000
9	പഴശി	442	5,912
10	ഇടമലയാർ	1,785	6,147
11	കുരിയാർകുട്ടി-കാരപ്പാറ	1,036	4,881
12	ചാലിയാർ (ബേപ്പൂർപുഴ)	1,061	1,922
13	കാക്കടവ്	1,335	2,600
14	വാമനപുരം	1,982	3,712
15	മീനച്ചിൽ	3,500	4,956
16	ബാണാസുരസാഗർ	800	1,137
17	അട്ടപ്പാടി	476	2,550
18	കാരാപ്പുഴ	760	1,335
19	ചാത്രവട്ടം	875	875

(ഇ) കാലതാമസം താഴെപ്പറയുന്ന കാരണങ്ങളാലായിരുന്നു.

1. പദ്ധതി വിഹിതത്തിന്റെ അപര്യാപ്തത
2. അന്തർ സംസ്ഥാന നദീജല തർക്കത്തിന്റെ തീരുമാനത്തിൽ വരുന്ന കാലതാമസം
3. പദ്ധതിക്കാവശ്യമുള്ള വന ഭൂമി ലഭ്യമാകുന്നതിൽ ഉണ്ടാകുന്ന കാലതാമസം
4. പദ്ധതി പ്രദേശത്തുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും കാലതാമസവും
5. പദ്ധതിക്കാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള കാലതാമസം
6. സിമൻറ്, കമ്പി മുതലായ അവശ്യസാധനങ്ങളുടെ ദൗർലഭ്യം
7. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly